**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 647** **28-06-2022 - ൽ മറുപടിയ്ക്ക്**

**കാർഷിക മേഖലക്ക് സൗജന്യ നിരക്കിൽ അധികവൈദ്യുതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തെ കാർഷിക സ്വയംപര്യാപ്തമാക്കുവാൻ കാർഷിക മേഖലക്ക് സൗജന്യമായി അധികവൈദ്യുതി ലഭ്യമാക്കുന്നത് പരിഗണിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; | (എ) | വൈദ്യുതി ഉപഭോക്താക്കൾക്ക് നൽകേണ്ട വിവിധ സേവനങ്ങളുമായി ബന്ധപ്പെട്ട ചട്ടങ്ങൾ പ്രസിദ്ധീകരിക്കുന്നതും, ടി സേവനങ്ങൾക്കായി ഉപഭോക്താവിൽ നിന്നും ഈടാക്കാവുന്ന തുക/വൈദ്യുതി ചാർജ്ജ് എന്നിവ നിശ്ചയി ക്കുന്നതും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ ആണ്.<br><br>കാർഷിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന വൈദ്യുതി ഇപ്പോൾ സൗജന്യമല്ല, നിലവിലുള്ള താരിഫ് ഉത്തരവ് പ്രകാരമുള്ള നിരക്കുകൾക്ക് അനുസരിച്ചാണ് എല്ലാ കാർഷിക കണക്ഷനുകൾക്കും വൈദ്യുത് ബിൽ നലകി വരുന്നത്. ഇതിൽ നിന്നും കൃഷി വകുപ്പ് അംഗീകരിച്ചിട്ടുള്ള കർഷകർ, ഉപയോഗിച്ച വൈദ്യുതിക്കുള്ള ചാർജ്ജ് മാത്രമാണ് (കർഷകൻ നേരിട്ട് അടക്കാതെ) കൃഷിഭവൻ മുഖേന അടയ്ക്കുന്നത്.<br><br>സൗജന്യമായി വൈദ്യുതി നൽകുകയാണെങ്കിൽ കമ്മീഷൻ അംഗീകരിച്ച താരിഫ് നിരക്കിനും അനുസൃതമായി അധിക വൈദ്യുതിക്കു ചെലവാകുന്ന തുക കെ.എസ്.ഇ.ബി- ക്ക് സംസ്ഥാന സർക്കാർ ലഭ്യമാക്കേണ്ടതുണ്ട്. |
| (ബി) | നെൽ കർഷകർക്ക് വൈദ്യുതി ലഭ്യത ഉറപ്പ വരുത്തുന്നതിനും നെൽകൃഷി കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനുമായി വേഗത്തിലും സൗജന്യമായും വൈദ്യുതി നൽകുന്നതിന് പ്രത്യേക പദ്ധതി നടപ്പാക്കുമോ? | (ബി) | സാധാരണ ഗതിയിൽ കാർഷിക കണക്ഷനുകൾ ഉൾപ്പെടെ (നെൽകർഷകർ ക്കുൾപ്പെടെയുള്ള) ഏതു വിഭാഗത്തിൽപ്പെട്ട വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനും അപേക്ഷകന് ഒരു തിരിച്ചറിയൽ രേഖയും, ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖയും മാത്രം ഹാജരാക്കിയാൽ മതിയാകും. |

| | | | |
|---|---|---|---|
| | | | ചില കാർഷിക കണക്ഷനുകളുടെ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നത് കൃഷി വകുപ്പ് ആയതിനാൽ കൃഷി വകുപ്പ് നിഷ്കർഷിച്ചിരിക്കുന്ന വിസ്തൃതിയിലെ മാനദണ്ഡങ്ങൾക്ക് അനുസരിച്ചാണ് കാർഷിക കണക്ഷനുകൾ കെ.എസ്.ഇ.ബി.എൽ നല്കി വരുന്നത്.<br><br>കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച സപ്ലൈ കോഡ് 2014 പ്രകാരം സൗജന്യമായി കണക്ഷൻ നൽകുന്നതിന് വേണ്ടി ചിലവാകുന്ന തുക കമ്മീഷൻ അംഗീകരിച്ച കോസ്റ്റ് ഡേറ്റയ്ക്ക് അനുസൃതമായി സംസ്ഥാന സർക്കാർ കെ.എസ്.ഇ.ബിക്ക് മുൻകൂറായി നൽകേണ്ടതുണ്ട്.<br><br>സംസ്ഥാന ഗവൺമെന്റ്, നിഷ്കർഷിച്ചിട്ടുള്ള ഭൂപരിധിയുള്ള കാർഷിക ഉപഭോക്താക്കൾക്ക് (നെൽകൃഷിക്ക് പരിധിയില്ലാതെയും മറ്റ കാർഷിക വിളകൾക്ക് ഏറ്റവും കുറഞ്ഞത് 30 സെന്റ് [അതിൽ 75% എങ്കിലും കൃഷിക്ക് ഉപയുക്തമായിരിക്കണം], പച്ചക്കറി കൃഷി -10 സെന്റ്, വെറ്റില കൃഷി-5 സെന്റ്) കൃഷി ഭവൻ മുഖേന വൈദ്യുതി ചാർജ്ജ് പൂർണ്ണമായും സൗജന്യമായി നൽകി വരുന്നു. ഇതിന്റെ ആനുകൂല്യം ഏകദേശം 2.8 ലക്ഷം കാർഷിക ഉപഭോക്താക്കൾക്ക് ലഭ്യമാക്കി വരുന്നു. ടി ഉപഭോക്താക്കളുടെ പ്രതിമാസ വൈദ്യുതി ചാർജ്ജ് 12 കോടിയോളം രൂപ വരും. |

സെക്ഷൻ ഓഫീസർ